**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 997** **02-02-2026 - ൽ മറുപടിയ്ക്ക്**

**അനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ പ്രഖ്യാപിച്ച ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ വഴി വിഭാവനം ചെയ്യുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | നോർത്തേൺ സർക്കിളിനു കീഴിലെ കോഴിക്കോട് ഡിവിഷനിലെ താമരശ്ശേരി റെയ്ഞ്ചിനു കീഴിലുള്ള നായർകൊല്ലി, എടത്തറ, പീടികപ്പാറ എന്നീ 3 സെക്ഷനുകൾ കൂട്ടിച്ചേർത്ത് നായർകൊല്ലി ഹെഡ് ക്വാർട്ടേഴ്സായി പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിൽ താൽക്കാലികമായി ആനക്കാംപൊയിൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ.ഉ.(കൈ) 3/2026/വനം തീയതി 22.01.2026 പ്രകാരം സ്വീകരിച്ചു വരുന്നുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ ആരംഭിക്കുന്നതോടുകൂടി സ്റ്റേഷൻ കേന്ദ്രീകരിച്ച് കൂടുതൽ സംരക്ഷണ വിഭാഗം ജീവനക്കാരെയും, വാഹനങ്ങളും കൂടുതലായി ലഭിക്കുകയും ഇതുവഴി വനം വന്യജീവി സംരക്ഷണ പ്രവൃത്തികൾ കാര്യക്ഷമമാക്കാനും വനം കുറ്റങ്ങൾ യഥാസമയം കണ്ടുപിടിക്കുന്നതിനും ജനവാസ മേഖലകളിൽ വന്യജീവികൾ വനമേഖലകളിൽ നിന്നും ഇറങ്ങുന്നത് തടയുന്നതിനുമുള്ള പ്രതിരോധ മാർഗ്ഗങ്ങൾ കൂടുതൽ ശക്തമാക്കാനും സാധിക്കുന്നതും, വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്കും മറ്റ് നാശനഷ്ടങ്ങൾ സംഭവിക്കുന്നവർക്കും നിയമാനുസൃത മായ നഷ്ട പരിഹാരങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കാനും കഴിയുന്നതാണ്. |
| (ബി) | പ്രസ്തുത സ്റ്റേഷൻ എപ്പോൾ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | ആവശ്യമായ ജീവനക്കാരെ റീഡിപ്ലോയ്മെന്റ് ചെയ്ത് ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ